പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5204 30/06/2014 ൽ മറുപടിക്ക്

ഡോക്യുമെന്ററി നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഡോക്യുമെന്ററികൾ നിർമ്മിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് ആവശ്യമായ ഔട്ട് ഡോർ യൂണിറ്റ്, ക്യാമറ എഡിറ്റിംഗ്, ഡബ്ബിംഗ്, മിക്സിംഗ് തുടങ്ങിയ സാങ്കേതിക സഹായങ്ങൾ ചലച്ചിത്ര വികസന കോർപ്പറേഷൻ വഴി (കെ.എസ്.എഫ്.ഡി.സി) ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും വേണ്ടുന്ന ഡോക്യുമെന്ററികൾ കെ.എസ്. എഫ്.ഡി. സി. യിലൂടെ നിർമ്മിച്ച് നൽകുന്നുണ്ട്. ഡോക്യുമെന്ററി നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പാക്കേജിൽ രജിസ്റ്റർ ചെയ്യുവർക്ക് സർക്കാർ സബ്സിഡി നടപ്പിലാക്കുന്നുണ്ട്. ഏറ്റവും കുറഞ്ഞ ദൈർഘ്യം 7 മിനിട്ട് ഉള്ള ഡോക്യുമെന്ററിക്ക് 37,500/- രൂപ സബ്സിഡി നൽകുന്നു. കൂടുതലായി വരുന്ന ഓരോ നാല് മിനിട്ടിനും 18,750/- രൂപ സബ്സിഡി നൽകുന്നു. പരമാവധി നൽകുന്ന സബ്സിഡി തുക 93,750/- രൂപ ആണ്. 21 മിനിട്ടിന് മുകളിൽ ദൈർഘ്യമുള്ള ഡോക്യുമെന്ററിക്കാണ് 93,750/- രൂപ സബ്സിഡി ഇനത്തിൽ നൽകിവരുന്നത്. നേരത്തേ ഫിലിം ഫോർമാറ്റിൽ നിർമ്മിച്ചിരുന്ന ഡോക്യുമെന്ററികൾക്ക് പുറമേ, ഡിജിറ്റൽ ഫോർമാറ്റിൽ നിർമ്മിക്കുന്നവയ്ക്കും ഇപ്പോൾ സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്നുണ്ട്. ഹ്രസ്വ-ദീർഘ ഡോക്യുമെന്ററി, ഷോർട്ട്ഫിലിം, അനിമേഷൻ ഫിലിം, മ്യൂസിക് വീഡിയോ എന്നിവയ്ക്ക് പ്രത്യേക മത്സരവിഭാഗങ്ങളും ഈ ഫെസ്റ്റിവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മികച്ച ഡോക്യുമെന്ററികൾക്ക് പുരസ്കാരങ്ങൾ നൽകാറുണ്ട്. |
| (ബി) | 2013- ൽ എത്ര ഡോക്യുമെന്ററികൾ പുറത്തിറങ്ങിയെന്ന് വ്യക്തമാക്കാമോ ? | (ബി) | 2013 -ൽ 12 ഡോക്യുമെന്ററികൾ പൂർത്തിയാക്കിയിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ